## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 210

04.10.2016 - ൽ മറുപടിക്ക്.

### നിർമ്മാണ വസ്തുക്കളുടെ വിലക്കയറ്റം

ചോദ്യം

സർവ്വശ്രീ. ടി.എ. അഹമ്മദ് കബീർ,
എൻ.എ. നെല്ലിക്കുന്ന്,
പി. ഉബൈദുള്ള,
കെ.എം. ഷാജി.

മറുപടി

ശ്രീ. ഇ. പി. ജയരാജൻ
(വ്യവസായവും കായികവും വകുപ്പ് മന്ത്രി).

(എ) നിർമ്മാണ മേഖലയ്ക്ക് പ്രതിസന്ധി സൃഷ്ടിച്ചുകൊണ്ട് സിമന്റ് ഉൾപ്പെടെയുള്ള നിർമ്മാണ വസ്തുക്കൾക്ക് ക്രമാതീതമായി വില വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എ) : ഉണ്ട്.

(ബി) നിർമ്മാണ വസ്തുക്കൾക്ക് അയൽ സംസ്ഥാനത്തെ വിലയേക്കാൾ ഇരട്ടിയെങ്കിലും വില വ്യത്യാസം ഉണ്ടാകാനുള്ള കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പരിശോധനാഫലം വിശദമാക്കുമോ ;

(ബി) : പരിശോധിച്ചിട്ടുണ്ട്. കേരളത്തിൽ സിമന്റിന്റെ വില വളരെ കൂടുതലാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 29/07/2016-ൽ മന്ത്രി തലത്തിൽ ഒരു യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ പ്രധാനപ്പെട്ട സിമന്റ് ഉത്പാദകരും ഡീലർമാരും പങ്കെടുത്തു. കേരളത്തിൽ ആവശ്യമുള്ള സിമന്റിന്റെ 10% മാത്രമേ ഇവിടെ ഉത്പാദിപ്പിക്കപ്പെടുന്നുള്ളൂ. സിമന്റ് വിതരണക്കാർ ഉന്നയിച്ച പ്രധാന പരാതി സിമന്റ് ഉത്പാദകർ നേരിട്ട് ഫ്ളാറ്റ് നിർമ്മാതാക്കൾ പോലെ ഉള്ളവർക്ക് കുറഞ്ഞ വിലയ്ക്ക് സിമന്റ് വിതരണം ചെയ്യുന്നുവെന്നും സാധാരണക്കാർക്ക് വിതരണം ചെയ്യേണ്ട സിമന്റിന്റെ വില യാതൊരു മുന്നറിയിപ്പും കൂടാതെ ക്രമാതീതമായി വർദ്ധിപ്പിക്കുന്നു എന്നുമാണ്. സിമന്റിനെ സംബന്ധിച്ചിടത്തോളം കൃത്യമായ ഒരു വ്യാപാര നയം നിലവിലില്ല. അയൽ സംസ്ഥാനങ്ങളിൽ സിമന്റിന്റെ വില കേരളത്തെക്കാൾ വളരെ കുറവാണെന്നത് ഒരു വസ്തുതയാണ്.

(സി) പാറ, മണൽ തുടങ്ങി മറ്റ് നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യം മൂലം സ്തംഭനത്തിലായ നിർമ്മാണ

(സി) : വിവിധ ഡാമുകളിൽനിന്നും സാങ്കേതിക മാനദണ്ഡമനുസരിച്ച് നീക്കം ചെയ്യാവുന്ന മണൽ നിയമപ്രകാരം അനുവദനീയമായ

| | |
|---|---|
| മേഖലയെ പുനരുജ്ജീവിപ്പിക്കാൻ എന്തൊക്കെ പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് വിശദമാക്കുമോ ? | രീതിയിൽ സംഭരിച്ച് വിതരണം ചെയ്യുന്നതിന് അതാത് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി 2014 മാർച്ചുമാസം ഉത്തരവായിരുന്നു എങ്കിലും ഇതു സംബന്ധിച്ച് കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. റിസർവോയറുകൾ De-silt ചെയ്യുന്നതിന് പാരിസ്ഥിതിക അനുമതി ആവശ്യമില്ല എന്ന് കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ കേരളത്തിലെ റിസർവോയറുകൾ De-silt ചെയ്ത് ചെളി, മണൽ എന്നിവ ശേഖരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിച്ചു വരുന്നു. ക്രഷർ ഉത്പന്നങ്ങളുടെ വില വർദ്ധനയുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ യോഗം വിളിച്ചുചേർത്ത് സാധ്യമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.